പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3662 10.4.2013-ൽ മറുപടിക്ക്

## സീറോ വേസ്റ്റ് കർമ്മ പരിപാടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>,, പാലോട് രവി<br>,, സി. പി. മുഹമ്മദ്<br>,, ഷാഫി പറമ്പിൽ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| എ) പഞ്ചായത്തുകളിൽ സീറോ വേസ്റ്റ് കർമ്മ പരിപാടി പ്രോൽസാഹിപ്പിക്കാൻ പദ്ധതി രൂപവത്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) ഉണ്ട്. പഞ്ചായത്തുകളെ മാലിന്യ മുക്തമാക്കുക എന്ന ലക്ഷ്യത്തോടു കൂടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കൊണ്ട് മാലിന്യമുക്ത കേരളം പദ്ധതി തയ്യാറാക്കാനും പദ്ധതി നടപ്പിലാക്കാനുമുളള സാങ്കേതിക സാമ്പത്തിക സഹായം സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. |
| ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) വൃത്തിയുളള പൊതു സ്ഥലങ്ങൾ, വൃത്തിയും വെടിപ്പുമുളള ചന്ത, സ്കൂൾ, ഓഫീസ് തുടങ്ങിയവ വാർത്തെടുക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. പഞ്ചായത്തുകളിൽ ഉണ്ടാകുന്ന ഖരദ്രവ മാലിന്യങ്ങളും മാലിന്യങ്ങളുടെ സുരക്ഷിതമായ നിർമ്മാർജ്ജനവും മനുഷ്യ വിസർജ്യത്തിന്റെ സുരക്ഷിതമായ നിർമ്മാർജ്ജനവും ഇതിൽ ലക്ഷ്യമിടുന്നു. |
| സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്; വിശദമാക്കുമോ; | സി) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി തയ്യാറാക്കാനുളള സാങ്കേതിക സഹായം ശുചിത്വ മിഷൻ വഴി ലഭ്യമാക്കുകയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തങ്ങളുടെ പദ്ധതി സർക്കാർ അംഗീകൃത സേവനദാതാക്കൽ വഴിയോ, അക്രഡിറ്റഡ് ഏജൻസി വഴിയോ നടപ്പിലാക്കുന്ന രീതിയാണ് നിലവിലുളളത്. |

ഡി) പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഡി) മാലിന്യ മുക്ത കേരളം എന്ന ലക്ഷ്യത്തിനായി ഖരമാലിന്യങ്ങൾ വിശേഷിച്ച് ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കാനുള്ള പ്രോത്സാഹനങ്ങൾ നൽകുകയും അജൈവ മാലിന്യങ്ങളും വികേന്ദ്രീകൃത രീതിയിലുള്ളതോ പൊതുവായതോ ആയ മാലിന്യ സംസ്കരണ പ്ലാന്റുകളിൽ എത്തിച്ച് സംസ്കരിക്കാനാണ് നടപടി എടുത്തിട്ടുള്ളത്. ഉറവിട മാലിന്യം സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി വീടുകളിലും സ്ഥാപങ്ങളിലും അനുയോജ്യമായ സാങ്കേതിക വിദ്യകൾ അനുവദിക്കുന്നതിനും അവയ്ക്കുള്ള സബ്സിഡി നിരക്ക് ഉയർത്താനും കഴിഞ്ഞു. കമ്പോസ്റ്റ് സംവിധാനങ്ങൾക്ക് സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്ന് 75% സബ്സിഡിയും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ഭാഗത്ത് നിന്ന് 15% സബ്സിഡിയും ചേർത്ത് ആകെ 90% സബ്സിഡി ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്. ഗാർഹിക തലത്തിലുള്ള ബയോഗ്യാസ് പ്ലാന്റുകൾക്ക് സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്നും 50% സബ്സിഡിയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഭാഗത്ത് നിന്നും 25% സബ്സിഡിയും ചേർത്ത് 75% സബ്സിഡിയായി ഉയർത്താനും കഴിഞ്ഞു.
പൊതുമാലിന്യ സംസ്കരണ സംവിധാനങ്ങൾ മൂലധന ചെലവിന്റെ 75% സർക്കാർ നൽകുകയും 25% തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമാണ് വഹിക്കുന്നത്.

സെക്ഷൻ ഓഫീസർ